പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4416 — 17/12/2014-ൽ മറുപടിയ്ക്ക്

**മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശംബളം**

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശംബളം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

എ) മലബാർ ദേവസ്വം ബോർഡിൻ കീഴിലെ ചില ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശംബളം ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്. പ്രസ്തുത ക്ഷേത്രങ്ങൾക്ക് മതിയായ വരുമാനം ഇല്ലാ എന്നുള്ളതാണ് കാരണം. ക്ഷേത്രങ്ങളിലെ നിത്യനിദാനങ്ങളുൾപ്പെടെയുള്ള ദൈനംദിന ചെലവുകൾക്ക് ശേഷം, ക്ഷേത്രങ്ങളിൽ മതിയായ ഫണ്ടില്ലാത്തത് കാരണം ശംബളവും അലവൻസുകളും മുഴുവനായും നൽകുന്നതിന് പ്രയാസമനുഭവപ്പെടുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടെ നിയമനം, അവരുടെ ശംബളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകൽ എന്നിവ ചെയ്യുവരുന്നത് നിയമനാധികാരി കൂടിയായ ക്ഷേത്ര ഭരണാധികാരികളാണ്.

ബി) ബോർഡിനു കീഴിലുള്ള സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിൽ 10 വർഷം വരെ ജോലി ചെയ്തിട്ടും സ്ഥിരം നിയമനം ലഭിക്കാത്ത എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

ബി) അംഗീകരിക്കപ്പെട്ട തസ്തികകളിൽ 10 വർഷം വരെ ജോലി ചെയ്തിട്ട് സ്ഥിര നിയമനം ലഭിക്കാത്ത ജീവനക്കാരുള്ളതായി ഇതേ വരെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

സി) ജീവനക്കാർക്ക് ശംബള പരിഷ്കരണം നടപ്പാക്കുന്നതിനു വേണ്ടി നിയമിച്ച കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

സി) ജീവനക്കാരുടെ ശംബള പരിഷ്കരണം നടപ്പാക്കുന്നതിനുവേണ്ടിയല്ല കമ്മീഷനെ നിയമിച്ചിരിക്കുന്നത്.

ഡി) സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ശാന്തി, കഴകം, വഴിപാടു ക്ലാർക്ക് എന്നിവർക്ക് ഇപ്പോൾ നൽകുന്ന ശംബളം എത്രയാണെന്നും; ദിവസ വേതനമാണെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കുമോ;

ഡി) വിശദവിവരം ചുവടെ ചേർക്കുന്നു

| | സി ഗ്രേഡ് | ഡി ഗ്രേഡ് | ഡി.എ | എച്ച്.ആർ.എ |
|---|---|---|---|---|
| ശാന്തി | 2500 | 2200 | 191% | 60/- |
| കഴകം | 2050 | 2050 | | |
| ക്ലാർക്ക് | 2200 | 2200 | | |

ദിവസ വേതനക്കാർക്ക് ക്ഷേത്രങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രതിദിനം 400/- രൂപ വരെ നൽകിവരുന്നുണ്ട്.

| | | | |
|---|---|---|---|
| ഇ) | കൊയിലാണ്ടിയിലെ കീഴരിയൂർ എളമ്പിലാട് ശ്രീ പരദേവത ക്ഷേത്രത്തിലെ വഴിപാട് ക്ലാർക്ക് ജയചന്ദ്രൻ എത്ര വർഷമായി ജോലി ചെയ്യുന്നു എന്നും ഇയാൾക്ക് ലഭിക്കുന്ന ദിവസ വേതനം എത്രയാണെന്നും വ്യക്തമാക്കുമോ; ഇയാളെ സ്ഥിരപ്പെടുത്താനും വേതനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ? | ഇ) | 17/11/2007 മുതൽ വഴിപാട് ക്ലാർക്കായി ശ്രീ. ജയചന്ദ്രൻ 30/- രൂപ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. അംഗീകരിച്ചിട്ടില്ലാത്ത തസ്തികയിലാണ് ശ്രീ. ജയചന്ദ്രൻ തുടർന്നുവരുന്നത് എന്നാണ് ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. ക്ഷേത്രത്തിന് സാമ്പത്തിക ശേഷി തീരെ കുറവായതിനാൽ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ